വൈക്കം ബോട്ടുജെട്ടി പുതുക്കി പണിയുന്നതിന് നടപടി

42 (4650) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ബോട്ടുജെട്ടിയുടെ ശോചനീയാവസ്ഥ മാറ്റുന്നതിനും പുതുക്കി പണിയുന്നതിനും "എ ടൈപ്പ്" ജെട്ടിയാക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് ഗവൺമെന്റ് അംഗീകരിച്ചിട്ടും ടെണ്ടർ നടപടികൾ കൈക്കൊള്ളാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്ന് ടെണ്ടർ ക്ഷണിക്കാനാവുമെന്നും ആയതിൻ പ്രകാരമുള്ള പണി എന്നത്തേക്ക് തുടങ്ങാനാവുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വൈക്കം ബോട്ടുജെട്ടി ഉൾപ്പെടുന്ന പ്രധാനപ്പെട്ട ജലഗതാഗത പാതയായ കോട്ടയം-വൈക്കം ജലപാതയുടെ വികസനം, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിൽ ഒരു പൈലറ്റ് പ്രോജക്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ നടത്തിപ്പു ചുമതല സംസ്ഥാന പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ് ടീമിനാണ്. ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക്, ബാങ്കിന്റെ നിബന്ധനകൾക്കു വിധേയമായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ടുചെയ്ത മെസേഴ്സ് ഭാഗിരഥ എഞ്ചിനീയറിംഗ് ലിമിറ്റഡ് (കൊച്ചി) എന്ന കമ്പനിയുടെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ബാങ്കിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. ബാങ്കിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ അവരുടെ നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി പണികൾ ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

43 (4651) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ;

(ബി) അവ യഥാക്രമം എന്ന് പൂർത്തിയാക്കണമെന്ന് നിർദ്ദേശിക്കുമോ ;

(സി) മഴക്കാലത്ത് കരകവിഞ്ഞൊഴുകുന്ന കരമന, കിള്ളി, നദികളുടെയും പട്ടം, ഉള്ളൂർ തോടുകളുടേയും പാർശ്വ സംരക്ഷണത്തിനായി ഏതെല്ലാം പുതിയ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ആമയിഴഞ്ചാൻ തോടിന്റെയും ആക്കുളം കായലിന്റെയും ചുറ്റുമുള്ള പ്രദേശങ്ങൾ അനധികൃതമായി കയ്യേറുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly